# സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26

# പടവുകൾ



## അയ്യൻകാളി പഞ്ചമി സ്മാരക ഗവ യു പി സ്കൂൾ ഊരൂട്ടമ്പലം

## 1. ആമുഖം

അക്കാദമികപരമായ മികവ് ലക്ഷ്യമിട്ടുള്ള ഊരുട്ടമ്പലം അയ്യൻകാളി പഞ്ചമി സ്മാരക ഗവ യു പി സ്‌കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാനാണിത്. ഓരോ വിദ്യാർത്ഥിക്കും അവരുടെ കഴിവുകൾ തിരിച്ചറിയാനും വികസിപ്പിക്കാനും ആവശ്യമായ പഠനാന്തരീക്ഷം ഒരുക്കുക എന്നതാണ് ഈ പ്ലാനിന്റെ പ്രധാന ലക്ഷ്യം. ഗുണമേന്മയുള്ള വിദ്യാഭ്യാസം, സർഗ്ഗാത്മകത, ചിന്താശേഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ വിദ്യാർത്ഥികളെ സമൂഹത്തിന് മുതൽക്കൂട്ടാകുന്ന വ്യക്തികളായി വളർത്തുന്നതിനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത് .

## 2. ദൗത്യവും കാഴ്ചപ്പാടും (Mission & Vision)

### ദൗത്യം:

ഓരോ വിദ്യാർത്ഥിക്കും നൂതനവും സംവേദനാത്മകവുമായ പഠനാനുഭവങ്ങൾ നൽകി, അവരുടെ ബൗദ്ധികവും സാമൂഹികവും വൈകാരികവുമായ വികാസം ഉറപ്പാക്കുക.

### കാഴ്ചപ്പാട്:

അറിവും മൂല്യബോധവും ചിന്താശേഷിയുമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിൽ മാതൃകാപരമായ ഒരു പഠന കേന്ദ്രമായി മാറുക.

## 3. നിലവിലെ സാഹചര്യ പഠനം (Situational Analysis)

### സ്‌കൂളിന്റെ ശക്തികൾ (Strengths):

- യോഗ്യതയുള്ളതും സമർപ്പിതരുമായ അധ്യാപകർ.
- ആകർഷകമായ ബഹുനില കെട്ടിടം , ആകർഷകമായ പ്രവേശന കവാടം , ആറായിരത്തിലധികം പുസ്തകങ്ങളുള്ള ലൈബ്രറി , ശേഷി വികസനത്തിനായുള്ള ക്രിയേറ്റീവ് കോർണർ .
- കലാ–കായിക പ്രവർത്തനങ്ങളിലുള്ള കുട്ടികളുടെ താല്പര്യം.

### സ്‌കൂളിന്റെ ദൗർബല്യങ്ങൾ (Weaknesses):

- ഗണിതം , ഇംഗ്ലീഷ് വിഷയങ്ങളിൽ കുട്ടികളുടെ പഠനനിലവാരം കുറവ്
- എല്ലാ കുട്ടികൾക്കും വ്യക്തിഗത ശ്രദ്ധ നൽകാൻ കഴിയാത്ത സാഹചര്യം.
- ശാസ്ത്ര ലാബിലെ ഉപകരണങ്ങളുടെ അപര്യാപ്തത.
- അധ്യാപകർക്ക് പുതിയ പഠനരീതികളിലെ പരിചയക്കുറവ്
- സ്മാർട്ട് ക്ലാസ് മുറികളുടെ അപര്യാപ്തത
- രക്ഷാകർത്താക്കളുടെ പങ്കാളിത്തക്കുറവ്
- പഠനപ്രവർത്തനങ്ങളിലെ വിദ്യാർത്ഥികളുടെ താൽപര്യക്കുറവ്

### സാധ്യതകൾ (Opportunities):

- പുതിയ സാങ്കേതികവിദ്യകൾ പഠനത്തിൽ സമന്വയിപ്പിക്കാനുള്ള സാധ്യത.
- വിവിധ സർക്കാർ പദ്ധതികളും ഫണ്ടുകളും ഉപയോഗപ്പെടുത്താം.
- വിദ്യാഭ്യാസ വിദഗ്ധരുടെയും റിസോഴ്സ് പേഴ്സണുകളുടെയും സേവനം ഉപയോഗിക്കാം.
- പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ സഹായം.

**വെല്ലുവിളികൾ (Threats):**

- പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ ഉയർത്തിക്കൊണ്ടുവരേണ്ടത്.
- കുട്ടികളിൽ കാണുന്ന ഡിജിറ്റൽ ഗാഡ്ജറ്റുകളുടെ അമിത ഉപയോഗം.
- സാമൂഹിക-സാമ്പത്തിക വ്യത്യാസങ്ങൾ പഠനത്തെ ബാധിക്കുന്നത്.
- രക്ഷാകർത്താക്കൾക്ക് കുട്ടികളുടെമേൽ നിയന്ത്രണമില്ലാത്തത്.

## 4. അക്കാദമിക ലക്ഷ്യങ്ങൾ (Academic Goals)

ഈ അധ്യയന വർഷം നേടാൻ ഉദ്ദേശിക്കുന്ന പ്രധാന ലക്ഷ്യങ്ങൾ:

- ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ട് അവരെ പഠനലക്ഷ്യങ്ങൾ നേടാൻ പ്രാപ്തരാക്കുക .
- ഓരോ കുട്ടിയുടെയും വ്യക്തിഗത മാസ്റ്റർപ്ലാൻ തയ്യാറാക്കി തയ്യാറാക്കി അതിനനുസൃതമായി മികവിലേയ്ക്കുയർത്തുക
- എല്ലാ ക്ലാസുകളിലെയും കുട്ടികളുടെ ഗണിതത്തിലും ഇംഗ്ലീഷിലുമുള്ള പഠനനിലവാരം വർദ്ധിപ്പിക്കുക.
- വായനക്കൂട്ടം , എഴുത്തുകൂട്ടം പരിപാടികളിലൂടെ വായനാശേഷി, എഴുത്ത് എന്നിവയിൽ എല്ലാ കുട്ടികൾക്കും ഒരു നിശ്ചിത നിലവാരം ഉറപ്പാക്കുക.
- ശാസ്ത്ര വിഷയങ്ങളിൽ അന്വേഷണാത്മക പഠനത്തിന് ഊന്നൽ നൽകി കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കുക.
- വിദ്യാർത്ഥികളിൽ പരിസ്ഥിതി ബോധവും സാമൂഹിക ഉത്തരവാദിത്തവും വളർത്തുക.
- കലാ-കായിക രംഗങ്ങളിൽ കൂടുതൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുകയും അവരിൽ അഭിരുചികൾ വളർത്തുകയും ചെയ്യുക.
- അധ്യാപകർക്ക് പുതിയ പഠനരീതികളെക്കുറിച്ചും ഡിജിറ്റൽ സാങ്കേതികവിദ്യയെക്കുറിച്ചും പരിശീലനം നൽകുക.

## 5. പ്രവർത്തന പദ്ധതി (Action Plan)

## 1. മലയാളം

**പ്രവർത്തനം : വായനയുടെ പടവുകൾ**

**ലക്ഷ്യം:**

- പഠിതാക്കളുടെ അടിസ്ഥാന ശേഷി വികസനം , ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക.
- പഠിതാക്കളിൽ അർത്ഥപൂർണമായ വായന ഉറപ്പാക്കുക

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| ക്ലാസ് 5 വായനയുടെ | ➢ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>➢ അക്ഷര കാർഡ് | ജൂൺ മുതൽ ആഗസ്റ്റ് വരെ | ചിത്രങ്ങൾ, അക്ഷരമാല | മലയാളം അധ്യാപിക | എസ് ആർ ജി, ബി ആർ സി | |

| | | | | | | |
|---|---|---|---|---|---|---|
| പടവുകൾ | നിർമ്മാണം<br>➢ വാക്കിൽ നിന്നും വാക്യം നിർമ്മിക്കൽ<br>➢ വായന കാർഡ് നിർമ്മാണം<br>➢ വായന കാർഡ് വായന<br>➢ ചെറിയവാക്യങ്ങൾ സ്വന്തമായി എഴുതൽ പ്രവർത്തനം | | ചാർട്ട്, വായന ക്കാർഡ് , പദക്കാർഡ് | | | |

**പ്രവർത്തനം : ആസ്വാദനക്കുറിപ്പ്**

**ലക്ഷ്യം:**

- സാഹിത്യകൃതികളോടും സാഹിത്യകാരനമാരോടും പരിചയപ്പെടുത്തൽ
- സാഹിത്യകൃതികൾ പരിചയപ്പെടുത്തി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ
- വായിച്ച് വായനാ നുഭവം രേഖപ്പെടുത്താൻ പ്രാപ്തരാക്കുക

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| ആസ്വാദന ക്കുറിപ്പ് ക്ലാസ് 5,6 & 7 | ➢ ലളിതമായ കൃതികളും കഥകളും പരിചയപ്പെടുത്തൽ<br>➢ കൃതികളിലെ ആശയം താളഭംഗി കാവ്യഭംഗി എന്നിവ പരിചയപ്പെടുത്തുന്നു<br>➢ കൃതിയിലെ കേട്ട കാര്യങ്ങൾ ചെറു വാക്യങ്ങളായി എഴുതുന്നു<br>➢ ചെറുവാക്യങ്ങൾ ഉൾപ്പെടുത്തി | ആഗസ്റ്റ് മുതൽ ഡിസംബർ വരെ | മാതൃക ചാർട്ട് | മലയാളം അധ്യാപിക | എസ് ആർ ജി, ബി ആർ സി | |

| | | | | | | |
|---|---|---|---|---|---|---|
| | മനോപടം തയ്യാറാക്കൽ<br>➢ മനോപടം അടിസ്ഥാനമാക്കി വായനക്കുറിപ്പ് തയാറാക്കൽ<br>➢ അധ്യാപിക പിന്തുണയോടുകൂടി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു<br>➢ കുട്ടി സ്വന്തമായി എഴുതുന്നു പ്രവർത്തനം | | | | | |

**പ്രവർത്തനം: കത്ത് / ഇമെയിൽ**

**ലക്ഷ്യം :**

- ➢ പഠിതാക്കളെ കത്ത് / ഇ മെയിൽ തയ്യാറാക്കാൻ പ്രാപ്തരാക്കുക

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ച്ചമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| കത്ത് / ഇമെയിൽ 5,6& 7 | ➢ ഒരു ചോദ്യം കുട്ടികൾക്ക് നൽകുന്നു ഉദാ: നിങ്ങളുടെ ID card നഷ്ടപ്പെട്ടു പോയി പുതിയ ID കാർഡ് ലഭിക്കുന്നതിനു വേണ്ടി HM ന് ഒരു കത്ത് കൊടുക്കുക<br>➢ മാതൃക നൽകുന്നു<br>➢ തുടർന്ന് കൂട്ടായ ചർച്ച<br>➢ ഗ്രൂപ്പിൽ തയ്യാറാക്കുന്നു<br>➢ | ഡിസംബർ മുതൽ മാർച്ച് വരെ | മാതൃകകൾ , ചാർട്ട് | മലയാളം അധ്യാപിക | എസ് ആർ ജി, ബി ആർ സി | |

| | | | | | | |
|---|---|---|---|---|---|---|
| | ➢ നിരവധി കത്തുകൾ തയ്യാറാക്കാൻ അവസരം നൽകുന്നു<br>➢ നിരവധി മാതൃക ചോദ്യങ്ങൾ നൽകുന്നു<br>➢ | | | | | |

## പ്രവർത്തനം : അരങ്ങും അണിയറയും

**ലക്ഷ്യം :**

- ➢ സ്ക്രിപ്റ്റ് രചനയിൽ മികവ് പുലർത്തുക
- ➢ പാഠപുസ്തകത്തിലെ തിയേറ്റർ സാധ്യതകൾ പ്രയോജനപ്പെടുത്തുക

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ച്ചമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| അരങ്ങും അണിയറയും 5,6& 7 | ➢ ക്ലാസ് തല എഴുത്തുക്കൂട്ടം രൂപീകരണം<br>➢ വിദഗ്ദ പരിശീലനം<br>➢ ഓരോ ടേമിലേയ്ക്കുമുള്ള പാഠഭാഗങ്ങൾ കണ്ടെത്തുന്നു<br>➢ സ്ക്രിപ്റ്റ് തയ്യാറാക്കുന്നു<br>➢ അധ്യാപികയുടെ സഹായത്തോടെ മെച്ചപ്പെടുത്തുന്നു<br>➢ അഭിനയക്കൂട്ടം രൂപീകരിക്കുന്നു<br>➢ സ്ക്രിപ്റ്റിനനുസൃതമായി | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകം , സ്ക്രിപ്റ്റ്, നാടകത്തിനാവശ്യമായ വസ്തുക്കൾ | മലയാളം അധ്യാപിക | എസ് ആർ ജി, ബി ആർ സി | |

| | | | | | | |
|---|---|---|---|---|---|---|
| | പരിശീലിക്കുന്നു<br>➢ സ്കൂൾ തല സർ ഗവേളയിൽ അവതരിപ്പിക്കുന്നു | | | | | |

## 2. ENGLISH

**Activity:Comprehensive reading**

**Objectives:**

- Make interest in reading stories and other reading materials.
- Analyze and comprehend stories.
- Develop interest in writing review of stories.
- Develop interest in news reading.
- Develop interest in sequencing sentences.

| Name of activity | Steps of activity | Duration | TLM | Duty | Support | Finance |
|---|---|---|---|---|---|---|
| Comprehensive Reading | Pre-reading activities<br>➢ Newspaper reading<br>➢ Collect describing and naming words.<br>➢ Adding more lines to the poem.<br>➢ Collect 'ed' words.<br>➢ Complete | June-March | Library books, Stories, Newspaper, Worksheets | English Teacher | SRG, BRC | 5000 |

| | | | | | | |
|---|---|---|---|---|---|---|
| | the story.<br>➢ Chain reading.<br>➢ Model reading with stress, intonation etc. | | | | | |

**Activity: Diary writing**

**Objectives:**

- ➢ Enable the children the habit of diary writing.
- ➢ Enable the children to express their thoughts and feelings.
- ➢ Enable the children to sequence the sentence in the correct order.
- ➢ Enable the children to use past form of the verb.

| **Name of activity** | **Steps of activity** | **Duration** | **TLM** | **Duty** | **Support** | **Finance** |
|---|---|---|---|---|---|---|
| Diary writing | ➢ Reads diary<br>➢ Familiarize the steps of specialties of diary writing.<br>➢ Write simple sentences<br>➢ Arranging the sentences in the order. | June-March | ANN Frank's Diary, Chart | English Teacher | SRG, BRC | |

| | | | | | | |
|---|---|---|---|---|---|---|
| | ➢ Find out the expression of thoughts and feelings. | | | | | |

**Activity: Editing**

**Objectives:**

- ❖ Enable to correct grammar and syntax.
- ❖ Enable the students to correct the errors such as subject- verb agreement, tense and prepositions.
- ❖ Improve punctuation and capitalization.
- ❖ To promote self- editing skills.
- ❖ To make confident in their writing ability.

| Name of Activity | Steps of Activity | Duration | TLM | Duty | Support | Finance |
|---|---|---|---|---|---|---|
| Editing | ➢ Discussion of common types of errors such as grammar, punctuation, capitalization and spelling.<br>➢ Edit a paragraph<br>➢ Highlights typical | June - March | Worksheets, Charts, Sentence strips | English Teacher | SRG, BRC | 500 |

| | | | | | | |
|---|---|---|---|---|---|---|
| | mistakes and show how to correct them.<br>➢ Groups activities using worksheets with short paragraphs.<br>➢ Discussion<br>➢ Individual Editing<br>➢ Peer Editing | | | | | |

**Activity: Script Writing**

**Objectives:**

- ➢ Developing creativity and imagination.
- ➢ Encourage students to create original stories and characters.
- ➢ To enrich imaginative thinking and the ability to visualize scenes and dialogues.
- ➢ To promote team work.
- ➢ To improve skill of writing.
- ➢ To enable the children to make dialogues.

| **Name of Activity** | **Steps of Activity** | **Duration** | **TLM** | **Duty** | **Support** | **Finance** |
|---|---|---|---|---|---|---|
| Script Writing | ➢ Introduction to script | October, Novem | Pictures, Chart, Workshee | English Teach | SRG, BRC | 500 |

| | | | | | | |
|---|---|---|---|---|---|---|
| | Writing.<br>➢ Discussion about script, dialogues, characters, settings and stage decorations.<br>➢ Guide the students in outlining their scripts.<br>➢ Help the students to organize their ideas into a beginning, middle and end.<br>➢ Help them to develop characters. | ber, December | t | er | | |

**Activity: ELEP (English Language Enrichment Programme)**

**Objectives:**

- Empower the learners in English language communication
- Enhance the confidence level of learners in using English language.
- Provide exposure rich environment for better acquisition of language
- Make the learners efficient users of English language in variuos situations .

| Name of Activity | Steps of Activity | Duration | TLM | Duty | Support | Finance |
|---|---|---|---|---|---|---|
| ◆ Emotional Emoji<br><br>◆ Complimenting friends | ➢ Emoji - Naming and coluoring<br>➢ Matching emojis to statements<br>➢ Creating and identifying statements<br>➢ Making appropriate statements<br>➢ Circle compliments<br>➢ Collage of compliment<br>➢ Madlib | June-August | Story Books, Picture cards, Reading Cards, Sentence Strips, Vegetables, Fruits, Worksheets, Charts, ICT | English Teacher | SRG, BRC | 3500 |

| | | | | | | |
|---|---|---|---|---|---|---|
| | story<br>➢ Sharing our stories | | | | | |
| ◆ Home Sweet Home | ➢ Vocabulary building game<br>➢ Word card race<br>➢ Chain words<br>➢ Role play<br>➢ Discussion & Reflection | | | | | |
| ◆ Know my house Know my Home | ➢ Me and my family<br>➢ Know my home Know my house | | | | | |
| ◆ Family funnies | ➢ Family on move<br>➢ The family photo<br>➢ The guessing game | | | | | |
| ◆ Faithful friend | ➢ Faithful friend | | | | | |
| ◆ My | ➢ My | | | | | |

| | | | | | | |
|---|---|---|---|---|---|---|
| favourite gift | favourite gift<br>➢ The present<br>➢ Conversation | | | | | |
| ◆ Let's be kind | ➢ Introduction<br>➢ Set up<br>➢ Let's be kind<br>➢ Reflection | | | | | |
| ◆ Hello Hello | ➢ Whispers<br>➢ Dialogue strip<br>➢ Role play | | | | | |
| ◆ Respect all | ➢ Respect all | | | | | |
| ◆ Know my neighbour | ➢ Survey | | | | | |
| ◆ Mission Island | ➢ Skit | | | | | |
| ◆ Every one is a Hero | ➢ Preparing News<br>➢ Live Reporting | | | | | |
| ◆ Floral | ➢ Floral Carpet | | | | | |

| | | | | | | |
|---|---|---|---|---|---|---|
| Carpet<br><br>Let's Dream Fly<br><br>◆ We are the World | making<br><br>➢ Can you guess<br>➢ Let's share our Dream<br>➢ Reading Comprehension<br>➢ Framing questions<br>➢ Choreography | | | | | |

## 3. ഹിന്ദി

**പ്രവർത്തനം: 5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ**

**ലക്ഷ്യങ്ങൾ:**

- ➢ ഹിന്ദി അഞ്ചാം തരം മുതൽആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക.

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| 5, 6 ,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ | ➢ പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കിക്കൊടുത്ത് പഠിപ്പിക്കും.<br>➢ ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, സിഡിയിൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് | ഹിന്ദി അധ്യാപിക | എസ് ആർ ജി, ബി ആർ സി | |

| | | | | | | |
|---|---|---|---|---|---|---|
| | അക്ഷര രചന കാണിക്കൽ എന്നിവ. | | | | | |

**പ്രവർത്തനം: ഹിന്ദി വായന**

**ലക്ഷ്യങ്ങൾ:**

- തെറ്റുകൂടാതെ ഹിന്ദി വായിക്കുക.

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടനച്ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| ഹിന്ദി വായന | ➢ നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും.<br>➢ മറ്റ് ഹിന്ദി ചിത്രകഥകൾ അതിൻറെ സിഡി താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും.<br>➢ ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>➢ Readery fight – മത്സരവായന തെറ്റാതെ ആവർത്തിക്കാതെ കൂടുതൽ വരി വായിക്കണം ആ കുട്ടിക്ക് സമ്മാനംനൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി ചിത്രകഥകൾ, സിഡി | ഹിന്ദി അധ്യാപിക | എസ് ആർ ജി, ബി ആർ സി | |

**പ്രവർത്തനം: ഹിന്ദി സംസാരം**

**ലക്ഷ്യങ്ങൾ:**

- ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കുക.
- പ്രായോഗിക പരിശീലനം നേടുക

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| ഹിന്ദി സംസാരം | ➢ ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും.<br>➢ അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും.<br>➢ ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസ്സിൽ കൊണ്ടുവരും. | ജൂൺ മുതൽ ഫെബ്രുവരി വരെ | | ഹിന്ദി അധ്യാപിക | എസ് ആർ ജി, ബി ആർസി | |

# 4 സംസ്കൃതം

**പ്രവർത്തനം :അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ**

**ലക്ഷ്യം:**

- യുപിതലത്തിൽ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ

| **പ്രവർത്തനം** | **പ്രവർത്തന ഘട്ടങ്ങൾ** | **കാലയളവ്** | **സാമഗ്രികൾ** | **സംഘാടന ചുമതല** | **പിന്തുണ** | **സാമ്പത്തികം** |
|---|---|---|---|---|---|---|
| 5, 6 ,7 ക്ലാസ് അക്ഷരങ്ങളും പദങ്ങളും ഉറപ്പി | ➢ ഭാഷ ജ്ഞാനം<br>➢ അക്ഷരം എഴുത്ത്<br>➢ ചിഹ്നം ഉറപ്പിക്കൽ<br>➢ അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>➢ ക്ലാസ്സിൽ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ചിത്രങ്ങൾ, അക്ഷര മാല ചാർട്ട്, അക്ഷര കാർഡ് | സംസ്കൃതം അധ്യാപിക | എസ് ആർ ജി, ബി ആർ സി | |

| | | | | | | |
|---|---|---|---|---|---|---|
| ക്കൽ<br><br><br><br><br><br><br><br><br>പറയാ<br>ം<br>പഠിക്ക<br>ാം | അക്ഷരമാല പ്രദർശനം<br>➢ അക്ഷരമാല കളികൾ<br>➢ അക്ഷര<br>➢ മരം നിർമിക്കൽ<br>➢ കാർട്ടൂൺ പ്രദർശനം<br>➢ ചിത്രങ്ങളുടെ പേര് പറയൽ<br>➢ ചിത്രകഥകൾ<br>➢ ലഘു സംഭാഷണങ്ങൾ<br>➢ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | | , വാക്കകൾ എഴുതിയ കാർഡ് | | | |

**പ്രവർത്തനം :വീട് ഒരു പരീക്ഷണശാല**

**ലക്ഷ്യം:**

➢ കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക

| **പ്രവർത്തനം** | **പ്രവർത്തന ഘട്ടങ്ങൾ** | **കാലയളവ്** | **സാമഗ്രികൾ** | **സംഘാടന ചുമതല** | **പിന്തുണ** | **സാമ്പത്തികം** |
|---|---|---|---|---|---|---|
| **വീട് ഒരു പരീക്ഷണശാല ക്ലാസ് 5,6 & 7** | ➢ വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br>➢ ഐസിടിയുടെ സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിപ്പിക്കാനുള്ള അവസരം | സെപ്റ്റംബർ മുതൽ നവംബർ വരെ | ചാർട്ടുകൾ ഐ സി ടി | സംസ്കൃതം അധ്യാപിക | എസ് ആർ ജി, ബി ആർ സി | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |

**പ്രവർത്തനം :വായനാലോകം**

**ലക്ഷ്യം:**

- കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| **വായനാലോകം ക്ലാസ് 5 , 6 & 7** | ➢ ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക<br>➢ ഒരോ സംസ്കൃതം പിരീഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക<br>➢ വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക<br>➢ കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അനുമോദിക്കുക | സെപ്റ്റംബർ മുതൽ നവംബർ വരെ | വായന ക്കാർഡ് പുസ്തകങ്ങൾ | സംസ്കൃതം അധ്യാപിക | എസ് ആർ ജി, ബി ആർ സി | |

**പ്രവർത്തനം : സംസ്കൃത ഭാഷ പഠന നേട്ടങ്ങൾ**

**ലക്ഷ്യം:**

- കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷ പഠന നേട്ടങ്ങൾ

| പ്രവർ | പ്രവർത്തന ഘട്ടങ്ങൾ | കാലയള | സാമഗ്രി | സംഘാടന | പിന്തുണ | സാമ്പ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ത്തനം | | വ് | കൾ | ന ച്ചുമതല | | ത്തികം |
| സംസ്കൃത ഭാഷ പഠന നേട്ടങ്ങൾ | ➢ ക്ലബ്ബ് രൂപീകരണം<br>➢ പഠനോപകരണ നിർമ്മാണം<br>➢ കലണ്ടർ നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകം വർക്ക് ഷീറ്റുകൾ | സംസ്കൃതം അധ്യാപിക | എസ് ആർ ജി, ബി ആർ സി | |

**പ്രവർത്തനം – 5 ആസ്വാദന ലോകം**

**ലക്ഷ്യം**

- ➢ ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നൽകൽ

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ച്ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| ആസ്വാദന ലോകം ക്ലാസ് 7 | ➢ നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു<br>➢ എഴുതാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ<br>➢<br>➢ മാസത്തിൽ ഒരു തവണ ആസ്വാദന സഭ ചേരുന്നു<br>➢ ഒരിക്കൽ അവതരിപ്പിച്ച കുട്ടി | ജനുവരി മുതൽ മാർച്ച് വരെ | വീഡിയോ | സംസ്കൃതം അധ്യാപിക | എസ് ആർ ജി, ബി ആർ സി | |

| | | | | | | |
|---|---|---|---|---|---|---|
| | അടുത്ത സഭയിൽ ആസ്വാദകൻ ആകണം<br>➢ ഐ സി ടിയുടെ സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിപ്പിക്കാനു ള്ള അവസരം | | | | | |

# 5 സാമൂഹ്യശാസ്ത്രം

**പ്രവർത്തനം: വെർച്ച്വൽ ഫീൽഡ് ട്രിപ്പ്**

**ലക്ഷ്യങ്ങൾ:**

➢ പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| വെർച്ചൽ ഫീൽഡ് ട്രിപ്പ് | ➢ ഐസിടി സാധ്യതകൾ ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള( കേരളത്തിലെയും, ഇന്ത്യയിലെയും, ലോകത്തിലെയും, പുരാതന നഗരങ്ങളുടെയും) സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം<br>➢ വെർച്ചൽസാധ്യത ഉപയോഗപ്പെടുത്ത ി കണ്ടെത്തിയ കാര്യങ്ങളും ക്ലാസ് മുറിയിൽ പഠിപ്പിച്ച കാര്യങ്ങളെയും ബന്ധപ്പെടുത്തി | ജൂൺ, ജൂലൈ, ആഗസ്റ്റ് | ഐ സി ടി | എസ് എസ് അധ്യാപിക, | എസ് ആർ ജി, ബി ആർ സി | |

| | | | | | | |
|---|---|---|---|---|---|---|
| | ക്കൊണ്ട്<br>➢ വിവരണാത്മകമായ കുറുപ്പ് തയ്യാറാക്കൽ<br>➢ അവതരണവും ചർച്ചയും ക്രോഡീകരണം | | | | | |

**പ്രവർത്തനം– സെമിനാറുകൾ**

**ലക്ഷ്യങ്ങൾ**

- ➢ സെമിനാറുകൾ അവതരിപ്പിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
- ➢ വിഷയത്തെപ്പറ്റി സമഗ്രമായ അവബോധം.

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| സെമിനാറുകൾ | ➢ സെമിനാർ വിഷയം പരിചയപ്പെടുത്തുന്നു.<br>➢ സെമിനാറിന് ആവശ്യമായ കാര്യങ്ങൾ പട്ടികപ്പെടുത്തുന്നു.<br>➢ സ്വന്തമായി സെമിനാർ പേപ്പർ തയ്യാറാക്കുന്നു.<br>➢ സെമിനാർ അവതരണം<br>➢ ചർച്ചയും ക്രോഡീകരണവും. | ആഗസ്റ്റ്, സെപ്റ്റംബർ | ചാർട്ട്, പുസ്തകങ്ങൾ | എസ് എസ് അധ്യാപിക | എസ്ആർജി, ബിആർസി | |

**പ്രവർത്തനം : വാർത്താ വായന**

**ലക്ഷ്യങ്ങൾ:**

- സമഗ്രമായ വാർത്തയുടെ കണ്ടെത്തലും അവതരണം
- അക്ഷരസ്ഫുടവും വ്യക്തവും കൃത്യവുമായ വായന

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| വാർത്താ വായന | ➢ വാർത്ത എഡിറ്റിംഗ്<br>➢ വ്യത്യസ്ത ഉറവിടങ്ങളിൽ നിന്ന് വാർത്ത ശേഖരിക്കൽ<br>➢ വാർത്താ പ്രാധാന്യം അനുസരിച്ച് ക്രമപ്പെടുത്തൽ<br>➢ ശ്രോതാക്കൾക്ക് വേഗം മനസ്സിലാകുന്ന തരത്തിൽ വാർത്ത എഡിറ്റ് ചെയ്യൽ<br>➢ ഉചിതമായ തലക്കെട്ട് നൽകൽ<br>➢ വാർത്ത അവതരണം<br>➢ വാർത്ത അവലോകനം | ആഗസ്റ്റ്, സെപ്റ്റംബർ | പത്രം , വീഡിയോ , | എസ് എസ് അധ്യാപിക | എസ്ആർജി,ബിആർസി | |

**പ്രവർത്തനം :ഭൂപട വായന**

**ലക്ഷ്യങ്ങൾ:**

- ഭൂഖണ്ഡങ്ങളുടെ പേര് തിരിച്ചറിയുക
- ഭൂഖണ്ഡങ്ങളുമായി ചുറ്റി ഒഴുകുന്ന സമുദ്രങ്ങൾ തിരിച്ചറിയുക
- ഭൂഖണ്ഡങ്ങളുമായി അതിർത്തി പങ്കുവയ്ക്കുന്ന ഭൂഖണ്ഡങ്ങൾ തിരിച്ചറിയുക

- വലുതും ചെറുതുമായ ഭൂഖണ്ഡങ്ങൾ തിരിച്ചറിയുക

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടനച്ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| ഭൂപടവായന | ➢ ഭൂഖണ്ഡങ്ങളെ പരിചയപ്പെടൽ<br>➢ ഭൂഖണ്ഡങ്ങളുടെ പേര് തിരിച്ചറിയൽ<br>➢ ഭൂഖണ്ഡങ്ങൾ ഗ്ലോബിൽ തിരിച്ചറിയൽ<br>➢ ഭൂഖണ്ഡങ്ങളുടെ വലുപ്പ വ്യത്യാസം തിരിച്ചറിയൽ<br>➢ ഭൂഖണ്ഡങ്ങളുമായ ി അതിർത്തി പങ്കുവെക്കുന്ന ഭൂഖണ്ഡങ്ങൾ തിരിച്ചറിയൽ<br>➢ സമുദ്രങ്ങളുടെ പേര് തിരിച്ചറിയൽ<br>➢ ഭൂപടത്തിൽ ഭൂഖണ്ഡങ്ങൾ സമുദ്രങ്ങൾ അതിർത്തി പങ്കുവയ്ക്കുന്ന ഭൂഖണ്ഡങ്ങളുടെ പേര് രേഖപ്പെടുത്തുന്നു | ആഗസ്റ്റ്, സെപ്റ്റംബർ | മാപ്പ്, അറ്റ്ലസ ്, ഗ്ലോബ് | എസ് എസ് അധ്യാപിക | എസ്ആർജി,ബിആർസി | |

**പ്രവർത്തനം : പ്രാദേശിക ചരിത്രരചന**

**ലക്ഷ്യങ്ങൾ:**

- പ്രാദേശിക ചരിത്ര രചന പരിചയപ്പെടൽ
- പ്രാദേശിക ചരിത്രരചനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക

➢ പ്രാദേശിക ചരിത്രരചന തയ്യാറാക്കുക

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| പ്രാദേശിക ചരിത്രരചന | ➢ പ്രാദേശിക ചരിത്രരചനയ്ക്കുള്ള സ്ഥലം കണ്ടെത്തൽ<br>➢ പ്രാദേശിക ചരിത്രരചന തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളുടെ പട്ടിക തയ്യാറാക്കൽ<br>➢ വിവരശേഖരണം<br>➢ (വ്യക്തികൾ, സ്ഥാപനങ്ങൾ,, ചരിത്ര പുസ്തകങ്ങൾ )<br>➢ പ്രാദേശിക ചരിത്രരചന<br>➢ പാനൽ ചർച്ച<br>➢ പ്രാദേശിക ചരിത്രരചനയുടെ അവതരണവും പ്രകാശനവും | ആഗസ്റ്റ്, സെപ്റ്റംബർ | കലണ്ടർ , ചാർട്ട് , ഗ്രാഫ് | എസ് എസ് അധ്യാപിക | എസ്ആർജി,ബിആർസി | |

# 6 അടിസ്ഥാന ശാസ്ത്രം

**പ്രവർത്തനം: ചോദ്യോത്തര വേള**

**ലക്ഷ്യങ്ങൾ:**

➢ ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട ആശയങ്ങൾ കുട്ടികളിൽ കൃത്യതയോടെ എത്തിക്കുക.

➢ പാഠഭാഗങ്ങൾ വിശകലനം ചെയ്ത് ചോദ്യോത്തരങ്ങൾ കണ്ടെത്താൻ സാധിക്കുന്നു.

➢ ക്വിസ് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ശേഷി നേടാൻ സാധിക്കുന്നു.

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| ചോദ്യോത്തര വേള | ➢ ഓരോ പാഠഭാഗവും കുട്ടികൾ നന്നായി വായിച്ചു മനസ്സിലാക്കുന്നു.<br>➢ പാഠഭാഗങ്ങൾ വിശകലനം ചെയ്യുന്നു.<br>➢ ഓരോ കുട്ടിയും പാഠഭാഗവുമായി ബന്ധപ്പെട്ട ചോദ്യങ്ങളും ഉത്തരങ്ങളും കണ്ടെത്തുന്നു.<br>➢ ഗ്രൂപ്പിൽ ചർച്ച ചെയ്തു ചോദ്യോത്തരങ്ങൾ വിപുലപ്പെടുത്തുന്നു.<br>➢ ഗ്രൂപ്പായി തിരിഞ്ഞ് ക്ലാസ്സിൽ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>➢ എല്ലാ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>➢ ശാസ്ത്ര ദിനത്തിന് എല്ലാ | ജൂൺ – ഫെബ്രുവരി | പാഠപുസ്തകം | ശാസ്ത്ര അധ്യാപിക | എസ് ആർ ജി,ബി ആർ സി | |

| | | | | | | |
|---|---|---|---|---|---|---|
| | പാഠഭാഗങ്ങളും ഉൾപ്പെടുത്തി പൊതുവായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. | | | | | |

**പ്രവർത്തനം: ശാസ്ത്ര കിറ്റ് നിർമ്മിക്കാം**

**ലക്ഷ്യം:**

- വിദ്യാർത്ഥികൾക്ക് ശാസ്ത്ര പഠനത്തോട് ആഭിമുഖ്യം വർദ്ധിക്കുന്നു.
- പഠനോൽപ്പന്നങ്ങൾ കണ്ടെത്തുന്നതിനും ശേഖരിക്കുന്നതിനും കഴിയുന്നു.
- ശാസ്ത്ര പഠനം അന്വേഷണാത്മക രീതിയിൽ പ്രാവർത്തികമാക്കാൻ സാധിക്കുന്നു.

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| ശാസ്ത്ര കിറ്റ് നിർമ്മിക്കാം | ➢ ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന പഠനോപകരണങ്ങൾ കണ്ടെത്തുന്നു.<br>➢ വ്യക്തിഗതമായി ലിസ്റ്റ് ചെയ്യുന്നു.<br>➢ ഗ്രൂപ്പിൽ ചർച്ചചെയ്ത് ലിസ്റ്റ് വിപുലപ്പെടുത്തുന്നു.<br>➢ കുട്ടികൾക്ക് ശേഖരിക്കാൻ കഴിയുന്നത് കണ്ടെത്തുന്നു.<br>➢ ശേഖരിക്കാൻ കഴിയുന്നവ ലിസ്റ്റ് ചെയ്യുന്നു.<br>➢ ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട പഠന സാമഗ്രികൾ കുട്ടികൾ ശേഖരിക്കുന്നു.<br>➢ പഠനസാമഗ്രികൾ ശാസ്ത്ര കിറ്റായി സൂക്ഷിക്കുന്നു.<br>➢ ക്ലാസ് മുറിയിലെ പഠനത്തിനും | ജൂൺ – ഫെബ്രുവരി | നിരീക്ഷണ പരീക്ഷണ സാമഗ്രികൾ | ശാസ്ത്ര അധ്യാപിക | എസ് ആർ ജി,ബി ആർ സി | |

| | | | | | | |
|---|---|---|---|---|---|---|
| | വീട്ടിലെ തുടർപഠനത്തിനും ശാസ്ത്ര കിറ്റ് പ്രയോജനപ്പെടുത്തുന്നു.<br>➢ എല്ലാ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠന സാമഗ്രികൾ ശേഖരിച്ച് ശാസ്ത്ര കിറ്റ് വിപുലപ്പെടുത്തുന്നു. | | | | | |

**പ്രവർത്തനം: ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ**

**ലക്ഷ്യങ്ങൾ :**

- ➢ ചന്ദ്രന് വൃദ്ധിക്ഷയം ഉണ്ടാകുന്നത് എങ്ങനെയെന്ന് വിശദീകരിക്കാൻ കഴിയുക
- ➢ ചന്ദ്രന്റെ ഒരു മുഖം മാത്രം ഭൂമിക്ക് അഭിമുഖമായി വരുന്നത് വിശദീകരിക്കാൻ കഴിയുക

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ ക്ലാസ് 7 | 1.ചന്ദ്രനെ കാണുന്ന വിവിധ സ്ഥാനങ്ങളുടെ ചിത്രങ്ങളിലൂടെ ചന്ദ്രനെ നിരീക്ഷിക്കാനുള്ള കൗതുകം ഉണ്ടാക്കുക<br>2. സ്റ്റൈലി ബോൾ എമർജൻസി ലാമ്പ് ഇവ ഉപയോഗിച്ച് ഗ്രൂപ്പുകളിൽ പരീക്ഷണം ചെയ്യുകയും കുട്ടികൾ വിശദീകരണം നടത്തുകയും ചെയ്യുന്നു<br>3.ചാർട്ട് ഉപയോഗിച്ച് പരീക്ഷണം ഒന്നുകൂടി | സെപ്റ്റംബർ– ഒക്ടോബർ | സ്റ്റൈലി ബോൾ, എമർജൻസി ലാമ്പ്, ഗ്ലോബ്, വീഡിയോ, ഫോട്ടോസ് | ബി എസ് അധ്യാപിക | എസ്ആർജി,ബിആർസി | |

| | | | | | | |
|---|---|---|---|---|---|---|
| | ആവർത്തിക്കുന്നു<br>4.നിരീക്ഷണക്കുറിപ്പ് എഴുതാൻ ആവശ്യപ്പെടുന്നു | | | | | |

**പ്രവർത്തനം : നക്ഷത്ര ഗണങ്ങൾ**

**ലക്ഷ്യങ്ങൾ:**

- നക്ഷത്ര ഗണങ്ങളെ കുറിച്ചുള്ള ഐതിഹ്യങ്ങൾ മനസ്സിലാക്കുക
- ജ്യോതി ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുക
- നക്ഷത്ര ഗണങ്ങളെ തിരിച്ചറിഞ്ഞ് നക്ഷത്ര നിരീക്ഷണം നടത്തുക

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| നക്ഷത്രഗണങ്ങൾ ക്ലാസ് 5 | ➢ കുട്ടികൾ അവർ കണ്ടിട്ടുള്ള ആകാശക്കാഴ്ചകളെ കുറിച്ചുള്ള ചർച്ച<br>➢ പ്രശസ്തരായ ജ്യോതി ശാസ്ത്രജ്ഞരുടെ ഫോട്ടോ,വീഡിയോ, ജീവചരിത്രം, വായന കുറിപ്പ് എന്നിവ നൽകി ചർച്ച ചെയ്ത് പരമാവധി വിവരങ്ങൾ ശേഖരിക്കുന്നു<br>➢ ജ്യോതിശാസ്ത്രജ്ഞരുടെ ഫോട്ടോ ആൽബം തയ്യാറാക്കൽ<br>➢ സ്റ്റെല്ലേറിയം സോഫ്റ്റ്‌വെയർ | ആഗസ്റ്റ്, സെപ്റ്റംബർ | ജ്യോതിശാസ്ത്രജ്ഞർ നക്ഷത്ര ഗണങ്ങൾ ഇവയുടെ ഫോട്ടോ, വർക്ക് ഷീറ്റുകൾ | ബി എസ് അധ്യാപിക | എസ്ആർജി,ബിആർസി | |

| | | | | | | |
|---|---|---|---|---|---|---|
| | പരിചയപ്പെടുത്തി നക്ഷത്ര ഗണങ്ങളുടെ രൂപം തിരിച്ചറിയൽ<br>➢ നക്ഷത്ര ഗണങ്ങളുമായി ബന്ധപ്പെട്ട കഥകൾ പരിചയപ്പെടുത്തി അവയുടെ സവിശേഷതകൾ, നക്ഷത്ര നിരീക്ഷണത്തിന്റെ ആവശ്യകതകൾ എന്നിവ ചർച്ച ചെയ്യൽ | | | | | |

**പ്രവർത്തനം: രോഗാണു വാഹകർ**

**ലക്ഷ്യങ്ങൾ:**

- ➢ രോഗാണു വാഹകരെ തിരിച്ചറിയുക
- ➢ രോഗങ്ങൾ പകരുന്ന വ്യത്യസ്ത മാർഗ്ഗങ്ങൾ തിരിച്ചറിയുക
- ➢ രോഗാണു വാഹകർ പെരുകുന്ന സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുക
- ➢ നിർമ്മാർജ്ജന മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് കഴിയുക

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| നക്ഷത്രഗണങ്ങൾ ക്ലാസ് 5 | ➢ പകർച്ചവ്യാധികളുമായി ബന്ധപ്പെട്ട മുന്നറിയിപ്പ്<br>➢ രോഗങ്ങൾ പകരുന്ന വിവിധ മാർഗങ്ങൾ തിരിച്ചറിയൽ<br>➢ ഈച്ച, കൊതുക്, | ആഗസ്റ്റ്, സെപ്റ്റംബർ | രോഗാണു വാഹകരുടെ ചിത്രങ്ങൾ, വീഡിയോകൾ | ബി എസ് അധ്യാപിക | എസ്ആർജി,ബിആർസി | |

| | | | | | | |
|---|---|---|---|---|---|---|
| | വവ്വാൽ തുടങ്ങിയവ രോഗാണു വാഹകരാണ് എന്ന് തിരിച്ചറിയൽ<br>➢ ജീവികൾ പരത്തുന്ന രോഗങ്ങളുടെ പത്രവാർത്തകൾ, ലഘുലേഖകൾ എന്നിവയിൽ നിന്നും രോഗാണു വാഹകരുടെ പേരുകൾ കണ്ടെത്തുന്നു<br>➢ രോഗാണു വാഹകരെയും രോഗങ്ങളെയും കണ്ടെത്തി വർഗ്ഗീകരിക്കു<br>➢ രോഗാണു വാഗകർ പെരുകുന്ന സാഹചര്യം മനസ്സിലാക്കാൻ ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു<br>➢ ഡ്രൈ ഡേ ആചരണം<br>➢ മുൻ കരുതലുകളെ കുറിച്ച് കുറിപ്പ് തയ്യാറാക്കൽ | | , ചാർട്ടുകൾ, പത്രവാർത്തകൾ, ലഘുലേഖനങ്ങൾ | | | |

**പ്രവർത്തനം : അന്വേഷിക്കാം അറിവുനേടാം**

**ലക്ഷ്യം :**

- അന്വേഷണാത്മക പഠനം പ്രായോഗികമാക്കുക
- പ്രോജക്ട്കളിലൂടെ അറിവ് സ്വായത്തമാക്കുക
- ലഘു പ്രോജക്ട്കൾ ചെയ്യുന്നതിൽ വൈദഗ്ദ്യം നേടുക

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ച്ചമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| അന്വേഷിക്കാം അറിവു നേടാം ക്ലാസ് 5,6 & 7 | ➢ ഓരോ യൂണിറ്റിലും പ്രോജക്ടിനാവശ്യമായ വിഷയങ്ങൾ കണ്ടെത്തുന്നു<br>➢ വിഷയാധിഷ്ഠിത ചർച്ച നടത്തുന്നു<br>➢ പ്രശ്നം ബോധ്യപ്പെടുത്തുന്നു<br>➢ വിവരശേഖരണ സംബന്ധമായ ആസൂത്രണം നടത്തുന്നു<br>➢ വിവരശേഖരണം നടത്തുന്നു<br>➢ അപഗ്രഥിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നു<br>➢ റിപ്പോർട്ട് തയ്യാറാക്കുന്നു<br>➢ ക്ലാസിൽ റിപ്പോർട്ട് അവതരിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകം , റഫറൻസ് പുസ്തകങ്ങൾ | ബി എസ് അധ്യാപിക | എസ്ആർജി,ബിആർസി | |

# 7 ഗണിതം

**പ്രവർത്തനം: മഞ്ചാടി**

**ലക്ഷ്യങ്ങൾ:**

- ഭിന്നസംഖ്യ ഉറപ്പിക്കൽ.
- ഭിന്നസംഖ്യ അളവ്പരമായ ബന്ധമാണ് എന്ന് മനസ്സിലാക്കൽ.

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| **മഞ്ചാടി ക്ലാസ് 5** | ➢ അരയുടെ പരിചയം<br>➢ ഒരു കഥയിലൂടെ സംഭാഷണത്തിൽ ഏർപ്പെട്ടു കൊണ്ട് പ്രവർത്തനം ആരംഭിക്കുന്നു.<br>➢ കഥയിൽ കുട്ടികൾ ചോക്ലേറ്റിനെ പകുതിയാക്കുന്നു.<br>➢ കുട്ടികളോട് ചോക്ലേറ്റ് വിവിധ രീതിയിൽ അരയായി ഭാഗിക്കാൻ പറയുന്നു.<br>➢ ഇതുപോലെ വിവിധ രൂപങ്ങൾ അരയാക്കുന്നു.<br>➢ അരയുടെ ചുരുക്കെഴുത്ത് പരിചയപ്പെടുത്തുന്നു.<br>➢ ഒരു മുറി ഭിന്നസംഖ്യ<br>➢ കുട്ടികളെ 4 ഗ്രൂപ്പുകളാക്കുന്നു. | ജൂലൈ– സെപ്റ്റംബർ | ഭിന്നങ്ങൾ ഉൾപ്പെടുന്ന കിറ്റ്, കാർഡുകൾ | ഗണിത അധ്യാപിക | എസ് ആർ ജി, ബി ആർ സി | 2000 |

| | | | | | | |
|---|---|---|---|---|---|---|
| | ➢ ഓരോ ഗ്രൂപ്പിനും ഭിന്നങ്ങളുടെ കിറ്റ് നൽകുന്നു.<br>➢ വ്യത്യസ്ത രീതിയിൽ ഭിന്നങ്ങൾ പൂർത്തിയാക്കുന്നു.<br>➢ 1/2– യുടെ കഷണം ബോർഡിൽ ഒട്ടിച്ച് അവയുടെ വിവിധ പേരുകൾ പറയുന്നു.<br>➢ നാലു കുട്ടികൾ തുല്യമായി വീതിക്കുന്ന ഒരു ഭാഗം ബോർഡിൽ ഒട്ടിക്കുന്നു.<br>➢ 1/4– യുടെ വിവിധ പേരുകൾ പറയുന്നു.<br>➢ കിറ്റിലെ കഷണങ്ങൾ ഉപയോഗിച്ച് ഭിന്നം പൂർത്തിയാക്കുന്നു.<br>➢ 1/2,1/4,1/8 എന്നീ ഭിന്ന ഭാഗങ്ങൾ ഉപയോഗിച്ച് കുട്ടികൾ ഭിന്നങ്ങൾ പൂർത്തീകരിക്കുന്നു.<br>➢ വിവിധ ഭിന്ന രൂപങ്ങൾ പരിചയപ്പെടുന്നു.<br>➢ ഡൈസ് കളി | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | ➢ ക്ലാസിലെ കുട്ടികളെ 4 ഗ്രൂപ്പുകൾ ആക്കുന്നു.<br>➢ ഓരോ ടീമും 1/3,1/4,1/6,1/8 എന്നിവയിൽ നിന്ന് ഒരു കാർഡ് എടുക്കുന്നു.<br>➢ ഊഴം അനുസരിച്ച് ഡൈസ് എറിയുന്നു.<br>➢ കാർഡിൽ എഴുതിയ സംഖ്യ കിട്ടുന്നവർ ബോർഡിൽ ഭിന്ന ഭാഗം ഒട്ടിക്കുന്നു.<br>➢ ആദ്യം ഭിന്നം മുഴുവനാക്കുന്ന ഗ്രൂപ്പ് ജയിക്കുന്നു. | | | | | |

**പ്രവർത്തനം: അളവുകളിലെ വൈവിധ്യം**

**ലക്ഷ്യങ്ങൾ:**

- ➢ ദശാംശ സംഖ്യ എന്ന ആശയം ഉറപ്പിക്കൽ.
- ➢ ദശാംശ സംഖ്യകളെ സ്ഥാനവിലനുസരിച്ച് എഴുതുന്നതിന് സാധിക്കുന്നു.

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| അളവുകളിലെ വൈവിധ്യം | ➢ നീളം കണ്ടെത്താം<br>➢ കുട്ടികളെ 4 ഗ്രൂപ്പുകൾ ആക്കുന്നു.<br>➢ ക്ലാസ്സിലും കുട്ടികളുടെ കൈയിലും ഉള്ള | ജൂലൈ– സെപ്റ്റംബർ | സംഖ്യാ കാർഡ്, ചാർട്ട് | ഗണിത അധ്യാപിക | എസ് ആർ ജി, ബി ആർ സി | |

| | | | | | | |
|---|---|---|---|---|---|---|
| | വിവിധ വസ്തുക്കളുടെ അളവ് കണ്ടെത്തുന്നു.<br>➢ പെൻസിൽ, നോട്ട്ബുക്ക് തുടങ്ങിയവയുടെ അളവ് കണ്ടെത്തുന്നു.<br>➢ ദശാംശം എന്ന ആശയം മനസ്സിലാകുന്നു.<br>➢ പട്ടിക പൂർത്തിയാക്കുക<br>➢ നീളം, ഉള്ളളവ്, ഭാരം എന്നീ അളവുകൾ ഉൾപ്പെടുന്ന പട്ടിക നൽകുന്നു.<br>➢ ഗ്രൂപ്പുകളായി പട്ടിക പൂർത്തിയാക്കുന്നു.<br>➢ മീറ്റർ, കിലോഗ്രാം, ലിറ്റർ എന്നിവയുടെ ദശാംശ അളവുകൾ മനസ്സിലാക്കുന്നു.<br>❖ സ്ഥാനവില കണ്ടെത്താം<br>➢ കുട്ടികളെ 4 ഗ്രൂപ്പുകൾ ആകുന്നു.<br>➢ ഓരോ ഗ്രൂപ്പിനും ദശാംശ സംഖ്യകൾ എഴുതിയ കാർഡുകൾ | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | നൽകുന്നു.<br>➢ സ്ഥാനവില കണ്ടെത്തി എഴുതുന്നു.<br>➢ ചാർട്ടിൽ ഓരോ ഗ്രൂപ്പും അവരുടെ ഉത്തരങ്ങൾ പ്രദർശിപ്പിക്കുന്നു.<br>➢ ദശാംശം കഴിഞ്ഞു വരുന്ന സ്ഥാനവിലകൾ 1/10 മുതലാണ് ആരംഭിക്കുന്നത് എന്ന് മനസ്സിലാക്കുന്നു. | | | | | |

**പ്രവർത്തനം: സംഖ്യാ ബന്ധങ്ങൾ കണ്ടെത്താം**

**ലക്ഷ്യങ്ങൾ:**

- ➢ ബീജഗണിതത്തിന്റെ സഹായത്താൽ സംഖ്യാ ബന്ധങ്ങൾ കണ്ടെത്താനും വ്യാഖ്യാനിക്കാനും സാധിക്കുന്നു.

| **പ്രവർത്തനം** | **പ്രവർത്തന ഘട്ടങ്ങൾ** | **കാലയളവ്** | **സാമഗ്രികൾ** | **സംഘാടന ചുമതല** | **പിന്തുണ** | **സാമ്പത്തികം** |
|---|---|---|---|---|---|---|
| സംഖ്യാ ബന്ധങ്ങൾ കണ്ടെത്താം | ❖ സംഖ്യാ ഗോപുരം നിർമ്മിക്കാം<br>➢ കുട്ടികളെ വിവിധ ഗ്രൂപ്പുകൾ ആക്കുന്നു.<br>➢ ഓരോ ഗ്രൂപ്പിനും പൂർത്തിയാക്കേണ്ട സംഖ്യാ ഗോപുരങ്ങൾ ചാർട്ടിൽ എഴുതി നൽകുന്നു.<br>➢ സംഖ്യകൾ തമ്മിലുള്ള ബന്ധം | ജൂലൈ– സെപ്റ്റംബർ | സംഖ്യാ ഗോപുരങ്ങൾ, ചാർട്ട് | ഗണിത അധ്യാപിക | എസ് ആർ ജി, ബി ആർസി | |

| | | | | | | |
|---|---|---|---|---|---|---|
| | മനസ്സിലാക്കി സംഖ്യാ ഗോപുരങ്ങൾ പൂർത്തിയാക്കുന്നു.<br>➢ താഴെയുള്ള സംഖ്യകളും ഏറ്റവും മുകളിലെ സംഖ്യയും തമ്മിലുള്ള പരസ്പരബന്ധം എന്താണെന്ന ആശയം മനസ്സിലാക്കുന്നു.<br>❖ കണക്കിലെ മാജിക്<br>➢ കുട്ടികൾ തമ്മിൽ കണക്കിലെ മാജിക് കളിക്കുന്നു.<br>➢ ഒരക്കമുള്ള ഒരു സംഖ്യ മനസ്സിൽ വിചാരിക്കുക.<br>➢ 2 കൊണ്ട് ഗുണിക്കുക.<br>➢ വീണ്ടും 5 കൊണ്ട് ഗുണിക്കുക.<br>➢ 10 കൂട്ടുക.<br>➢ ഒരു കുട്ടി വിചാരിച്ച സംഖ്യ മറ്റൊരു കുട്ടി പറയുന്നു.<br>➢ ഇങ്ങനെ കളി ആവർത്തിക്കുന്നു.<br>➢ എന്തുകൊണ്ടാണ് എപ്പോഴും ഉത്തരം ശരിയാകുന്നതെന്ന് കണ്ടെത്തുന്നു.<br>➢ പൊതുവായ | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | ബീജഗണിത വാചകം എന്ന ആശയംകണ്ടെത്തുന്നു. | | | | | |

**പ്രവർത്തനം : ചതുര കണക്കുകൾ**

**ലക്ഷ്യങ്ങൾ :**

- വിവിധതരം ചതുരങ്ങളുടെ ചുറ്റളവും പരപ്പളവും കണ്ടെത്താനും പ്രായോഗിക പ്രശ്നങ്ങൾ ചെയ്യാനും സാധിക്കുന്നു.

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| ചതുര കണക്കുകൾ | ❖ ചതുരത്തിന്റെ ചുറ്റളവുകൾ<br>➢ കുട്ടികളെ വിവിധ ഗ്രൂപ്പുകൾ ആക്കുന്നു.<br>➢ ഓരോ ഗ്രൂപ്പിലും കുട്ടികൾ വിവിധ അളവിലുള്ള ചതുരങ്ങൾ നിർമ്മിക്കുന്നു.<br>➢ നിർമിച്ച ഓരോ ചതുരത്തിന്റെയും ചുറ്റളവുകൾ കണ്ടെത്തുന്നു.<br>➢ ഓരോ ഗ്രൂപ്പും നിർമ്മിച്ച ചതുരത്തിന്റെ ചുറ്റളവുകൾ ക്ലാസിൽ അവതരിപ്പിക്കുന്നു.<br>➢ ഒരു ചതുരത്തിന്റെ | ജൂലൈ– സെപ്റ്റംബർ | ചാർട്ട്, കത്രിക, പെൻസിൽ, സ്കെയിൽ | ഗണിത അധ്യാപിക | എസ് ആർ ജി, ബി ആർ സി | |

| | | | | | | |
|---|---|---|---|---|---|---|
| | ചുറ്റളവ് എന്താണ് എന്ന് ക്ലാസിൽ ചർച്ച ചെയ്യപ്പെടുന്നു.<br>➢ ചതുരത്തിന്റെ ചുറ്റളവ് വശങ്ങളുടെ നീളങ്ങളുടെ തുകയുടെ രണ്ട് മടങ്ങാണ് എന്ന നിഗമനത്തിൽ എത്തിച്ചേരുന്നു.<br>❖ ചതുരത്തിന്റെ പരപ്പളവ്<br>➢ കുട്ടികൾ ഗ്രൂപ്പുകളായി തിരിയുന്നു.<br>➢ ഓരോ ഗ്രൂപ്പും നിശ്ചിത അളവിൽ ഒരു ചതുരം നിർമ്മിക്കുന്നു.<br>➢ ആ ചതുരത്തിൽ ഒരു സെൻറീമീറ്റർ വീതം വശങ്ങളുള്ള എത്ര ചതുരങ്ങൾ വരച്ചുചേർക്കാൻ കഴിയുമെന്ന് ഓരോ ഗ്രൂപ്പും കണ്ടെത്തുന്നു.<br>➢ ഓരോ ഗ്രൂപ്പും അവരുടെ കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.<br>➢ ചതുരത്തിന്റെ പരപ്പളവ് എന്ന ആശയം ക്ലാസിൽ ചർച്ച | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | ചെയ്യപ്പെടുന്നു.<br>➢ ചതുരത്തിന്റെ പരപ്പളവ് വശങ്ങളുടെ നീളങ്ങളുടെ ഗുണനഫലമാണ് എന്ന നിഗമനത്തിൽ എത്തിച്ചേരുന്നു. | | | | | |

**പ്രവർത്തനം : ഉള്ളളവുകൾ കണ്ടെത്താം**

**ലക്ഷ്യങ്ങൾ :**

➢ ചതുര കട്ടയുടെ വ്യാപ്തം കണക്കാക്കുന്നതിനും വ്യാപ്തം, ഉള്ളളവ് ഇവ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ ചെയ്യാനും സാധിക്കുന്നു.

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| ഉള്ളളവുകൾ കണ്ടെത്താം | ❖ ചതുര കട്ടയുടെ വ്യാപ്തം<br>❖ വിവിധ രൂപങ്ങളിലുള്ള ചതുരക്കട്ടകളുടെ ചിത്രങ്ങൾ ഓരോ ഗ്രൂപ്പിലും നൽകുന്നു.<br>❖ കുട്ടികൾ ഓരോ ചതുര കട്ടകളുടെയും വ്യാപ്തം കണ്ടെത്തുന്നു.<br>❖ കണ്ടെത്തലുകൾ ക്ലാസിൽ അവതരിപ്പിക്കുന്നു.<br>❖ ചതുര കട്ടയുടെ | ജൂലൈ– സെപ്റ്റംബർ | ചതുരക്കട്ടകൾ, ചിത്രങ്ങൾ, പേപ്പർ, ചാർട്ട് | ഗണിത അധ്യാപിക | എസ് ആർ ജി, ബി ആർ സി | |

| | | | | | | |
|---|---|---|---|---|---|---|
| | വ്യാപ്തം നീളം, വീതി, ഉയരം എന്നിവയുടെ ഗുണനഫലം ആണെന്ന ആശയത്തിൽ എത്തിച്ചേരുന്നു. | | | | | |

**ലക്ഷ്യം 2: വായനാശേഷി, എഴുത്ത് കഴിവുകൾ എന്നിവയിൽ നിലവാരം ഉറപ്പാക്കുക.**

**പ്രവർത്തനങ്ങൾ:**

- ക്ലാസ് ലൈബ്രറി: ഓരോ ക്ലാസിലും ലളിതമായ പുസ്തകങ്ങൾ ഉൾപ്പെടുത്തി ലൈബ്രറി സ്ഥാപിക്കുക.
- എല്ലാ ദിവസവും ക്ലാസ് റൂമിൽ 15 മിനിറ്റ് വായനാ സമയം നീക്കിവെക്കുക. (തുടർച്ചയായി).
- വായനക്കൂട്ടം : വിദ്യാർത്ഥികൾക്ക് പുസ്തകങ്ങളെക്കുറിച്ച് സംസാരിക്കാൻ അവസരം നൽകുന്ന വായനക്കൂട്ടം രൂപീകരിക്കുക. (രണ്ടാഴ്ചയിലൊരിക്കൽ).
- എഴുത്ത്ക്കൂട്ടം : കുട്ടികളെ ലഘുലേഖനങ്ങളും കഥകളും എഴുതാൻ പ്രോത്സാഹിപ്പിക്കുക. (പ്രതിമാസം).

**ചുമതല :** വിദ്യാരംഗം കലാസാഹിത്യവേദി കൺവീനർ , ലൈബ്രേറിയൻ.

**ലക്ഷ്യം 3: ശാസ്ത്ര വിഷയങ്ങളിൽ പ്രായോഗിക പഠനത്തിന് ഊന്നൽ നൽകുക.**

**പ്രവർത്തനങ്ങൾ:**

- ശാസ്ത്ര ലാബ് നവീകരണം: ആവശ്യമായ ഉപകരണങ്ങൾ വാങ്ങി ലാബ് നവീകരിക്കുക.
- പ്രോജക്ട് അധിഷ്ഠിത പഠനം: ഓരോ മാസവും ഓരോ ക്ലാസിനും ഒരു ശാസ്ത്ര പ്രോജക്ട് നൽകുക. (തുടർച്ചയായി).
- ശാസ്ത്ര ക്ലബ്ബ്: ശാസ്ത്ര ക്ലബ്ബിന്റെ നേതൃതവത്തിൽ ശാസ്ത്ര മത്സരങ്ങൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുക. (പ്രതിമാസം).
- പഠനയാത്രകൾ: ശാസ്ത്രീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുക. (വർഷത്തിൽ 2 തവണ).

**ചുമതല:** ശാസ്ത്ര അധ്യാപിക

**ലക്ഷ്യം 4: പരിസ്ഥിതി ബോധവും സാമൂഹിക ഉത്തരവാദിത്തവും വളർത്തുക.**

**പ്രവർത്തനങ്ങൾ:**

- പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രവർത്തനങ്ങൾ നടപ്പിലാക്കുക .
- സ്കൂൾ പരിസര ശുചീകരണം: എല്ലാ മാസവും സ്കൂൾ പരിസര ശുചീകരണം നടത്തുക.
- പച്ചക്കറിത്തോട്ട നിർമാണം

- ഹരിതവിദ്യാലയം
- ബോധവൽക്കരണ ക്ലാസുകൾ: മാലിന്യ സംസ്കരണം, ജലസംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുക. (ത്രൈമാസം).

**ചുമതല:** പരിസ്ഥിതി ക്ലബ്ബ് കൺവീനർ

**ലക്ഷ്യം 5: കലാ-കായിക രംഗങ്ങളിൽ കൂടുതൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുക.**

**പ്രവർത്തനങ്ങൾ:**

- കലാ-കായിക പരിശീലനം: താല്പര്യമുള്ള കുട്ടികൾക്ക് പ്രത്യേക കലാ-കായിക പരിശീലനം നൽകുക. (ആഴ്ചയിൽ 2 ദിവസം).
- സ്കൂൾ കലാമേള/കായികമേള: വാർഷിക കലാമേളയും കായികമേളയും സംഘടിപ്പിക്കുക. (വാർഷികം)
- കല , കായിക ക്ലബ്ബുകളുടെ നേതൃത്വത്തിൽ സംഗീതം, നൃത്തം, ചിത്രരചന തുടങ്ങിയവയിൽ പ്രതിമാസ മത്സരങ്ങൾ സംഘടിപ്പിക്കുക
- യോഗ , സൂംബാ ഡാൻസ് എന്നിവയിൽ പരിശീലനം നൽകുക

ചുമതല : കായികാധ്യാപകർ, കലാധ്യാപകർ.

**ലക്ഷ്യം 6: അധ്യാപക ശാക്തീകരണം**

**പ്രവർത്തനങ്ങൾ:**

- പുതിയ പഠനരീതികൾ: നൂതനമായ പഠനരീതികളെക്കുറിച്ച് അധ്യാപകർക്ക് ശില്പശാലകൾ സംഘടിപ്പിക്കുക.
- എസ് ആർ ജി ക്രമമായി ചേർന്ന് പടനപ്രശ്നങ്ങളും പഠനമികവുകളും ചർച്ച ചെയ്യുക
- ഡിജിറ്റൽ സാങ്കേതികവിദ്യ: ഡിജിറ്റൽ ഉപകരണങ്ങൾ ക്ലാസ് റൂമിൽ ഉപയോഗിക്കാനുള്ള പരിശീലനം നൽകുക.

**ചുമതല :** എസ് ആർ ജി കൺവിനർ

**6. വിഭവ സമാഹരണം (Resource Mobilization)**

**സാമ്പത്തികം:** പി.ടി.എ., എസ്.എം.സി. ഫണ്ടുകൾ, സർക്കാർ ഗ്രാന്റുകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ സഹായം, പ്രാദേശിക സ്പോൺസർമാർ.

**മനുഷ്യവിഭവം:** അധ്യാപകർ, പി.ടി.എ./എസ്.എം.സി. അംഗങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, പ്രാദേശിക സന്നദ്ധ പ്രവർത്തകർ.

**ഭൗതികം:** ലാബ് ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ, കമ്പ്യൂട്ടറുകൾ, സ്പോർട്സ് ഉപകരണങ്ങൾ, ക്ലാസ് റൂം പഠന സാമഗ്രികൾ.

**7. മൂല്യനിർണ്ണയവും നിരീക്ഷണവും (Evaluation & Monitoring)**

- പ്രതിമാസ അവലോകനം: ഓരോ മാസവും എസ് ആർ ജി ചേർന്ന് പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുക.
- ത്രൈമാസ റിപ്പോർട്ട്: ഓരോ മൂന്ന് മാസത്തിലും പുരോഗതി റിപ്പോർട്ട് തയ്യാറാക്കി പി.ടി.എ./എസ്.എം.സി. യോഗങ്ങളിൽ അവതരിപ്പിക്കുക.
- അവസാന വിലയിരുത്തൽ: അധ്യയന വർഷാവസാനം മാസ്റ്റർ പ്ലാനിന്റെ മൊത്തത്തിലുള്ള വിജയവും ലക്ഷ്യങ്ങൾ എത്രത്തോളം കൈവരിച്ചുവെന്നും വിലയിരുത്തുക.